# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5377 01.07.2014-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |

## ''മിഷൻ 676''ൽ ഉൾപ്പെടുത്തിയ പദ്ധതികൾ

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് സർക്കാർ പ്രഖ്യാപിച്ച ''മിഷൻ 676'' ൽ ഉൾപ്പെടുത്തി ധനകാര്യ വകുപ്പു മന്ത്രിയുടെ ഭരണ ചുമതലയുള്ള ഏതെല്ലാം വകുപ്പുകളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | ധനകാര്യ വകുപ്പുമന്ത്രിയുടെ ഭരണ ചുമതലയിലുള്ള വകുപ്പുകളിൽ 'മിഷൻ 676' -ൽ ഉൾപ്പെടുത്തി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ, പ്രസ്തുത പദ്ധതികൾക്കാവശ്യമുള്ള തുക എന്നിവയുടെ വിശദാംശങ്ങൾ അടങ്ങുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതിനായി എന്തു തുക ആവശ്യമായി വരുമെന്ന് വെളിപ്പെടുത്താമോ? | |

സെക്ഷൻ ഓഫീസർ

| അനുബന്ധം | | |
|---|---|---|
| വകുപ്പ് | മിഷൻ 676-ൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതി | ആവശ്യമായ തുക (കോടിയിൽ) |
| ലോട്ടറി | സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നുള്ള ചികിത്സാ ധനസഹായത്തിന് അർഹരാകുന്നവരെ സഹായിക്കുന്നതിനായി കാരുണ്യ കിയോസ്ക്/ഹെൽപ്പ്ഡസ്ക് സ്ഥാപിക്കുക, പ്രസ്തുത രോഗികൾക്ക് സൗജന്യ ആംബുലൻസ് സർവ്വീസ് സൗകര്യം ഏർപ്പെടുത്തുക, ഭാഗ്യക്കുറി നറുക്കെടുപ്പുകൾ തത്സമയ സംപ്രേഷണം നടത്തുക എന്നിവയാണ് മിഷൻ 676 -ന്റെ ഭാഗമായി സർക്കാരിൽ സമർപ്പിച്ചിട്ടുള്ള പദ്ധതികൾ. | കാരുണ്യ ഹെൽപ്പ് ഡസ്ക്കുകൾ സ്ഥാപിക്കുന്നതിന്, ആകെ 5 ലക്ഷം രൂപയുടെ ചെലവും നടത്തിപ്പിനായി പ്രതിവർഷം 1,25,000/- രൂപയുടെ ചെലവും പ്രതീക്ഷിക്കുന്നു. ആംബുലൻസ് സർവീസിനായി 50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. നറുക്കെടുപ്പ് തത്സമയ സംപ്രേഷണം നടത്തുന്നതിന് 3.89 കോടി രൂപയാണ് ദൂരദർശൻ ആവശ്യപ്പെട്ടിട്ടുള്ളത്. |
| കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് | സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പ്രകാരം കെ.എസ്.എഫ്.ഇ താഴെപ്പറയുന്ന പദ്ധതികളും പ്രവർത്തനങ്ങളും ഇക്കാലയളവിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>1) ചിട്ടി ബിസിനസ്സ് - 865 കോടി<br>2) ലോണുകൾ - 3000 കോടി<br>3) ട്രഷറി ഡെപ്പോസിറ്റ് - 865 കോടി<br>4) ഗ്യാരണ്ടി കമ്മീഷൻ, സർവ്വീസ് ചാർജ്ജ് എന്നീ ഇനങ്ങളിലായി സർക്കാരിലേക്ക് നൽകാൻ ഉദ്ദേശിക്കുന്നത് - 135 കോടി<br>5) പുതിയ ശാഖകൾ - 130 എണ്ണം<br>6) പുതിയ നിയമനങ്ങൾ - 1650<br><u>പ്രൊഫഷണൽ എഡ്യൂകെയർ ചിട്ടി പദ്ധതി</u><br>2013-14-ൽ പരീക്ഷണാടിസ്ഥാനത്തിൽ 7 ശാഖകളിൽ തുടങ്ങിയ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തിനു സഹായകരമായ ഈ പദ്ധതി എല്ലാ ശാഖകളിലേക്കും വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><u>ഭരണ പുനഃക്രമീകരണം</u><br>ഭരണ പുനഃക്രമീകരണത്തിന്റെ ഭാഗമായി കെ.എസ്.എഫ്.ഇ.ക്ക് ഇപ്പോഴുള്ള 7 മേഖലാ ഓഫീസുകൾക്ക് പുറമെ 7 മേഖലാ ഓഫീസുകളും 3 സോണൽ ഓഫീസുകളും തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. ഇതോടുകൂടി എല്ലാ ജില്ലകളിലും കമ്പനിയുടെ മേഖലാ ഓഫീസുകൾ ഉണ്ടായിരിക്കുന്നതാണ്. ഇതുവഴി കമ്പനിയുടെ ഭരണപരമായ കാര്യക്ഷമത വർദ്ധിപ്പിക്കുവാനും ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം നൽകുവാനും കഴിയും. | ചിട്ടി ബിസിനസ്സിനുവേണ്ടി പ്രത്യേക തുക സമാഹരിക്കേണ്ട ആവശ്യമില്ല. കെ.എസ്.എഫ്.ഇ വായ്പകൾ നൽകുന്നത് പൊതുജനങ്ങളിൽ നിന്ന് സ്വീകരിക്കുന്ന നിക്ഷേപം ഉപയോഗിച്ചാണ്. ആയതിനാൽ ഈ ആവശ്യത്തിന് പ്രത്യേക തുക കണക്കാക്കേണ്ടതില്ല. |

| | | |
|---|---|---|
| | <u>കോർ ആപ്ലിക്കേഷൻ സൊല്യൂഷൻ – CASBA നടപ്പാക്കൽ</u><br>എല്ലാ ശാഖകളെയും ഒരു സെൻട്രൽ സെർവറുമായി ബന്ധിപ്പിച്ചുകൊണ്ട് കോർ ആപ്ലിക്കേഷൻ സൊല്യൂഷൻ -CASBA ഈ വർഷം തന്നെ നടപ്പാക്കും. ഇത് സ്ഥാപനത്തിന്റെ കർമ്മശേഷി വർദ്ധിപ്പിക്കുന്നതിനും ഉപഭോക്താക്കൾക്ക് കൂടുതൽ സേവനം നൽകുന്നതിനും സഹായിക്കും.<br><br><u>കമ്പനിയുടെ സാമൂഹ്യ പ്രതിബദ്ധത</u><br>കമ്പനി നിയമം 2013 അനുശാസിക്കുന്നതനുസരിച്ച് കഴിഞ്ഞ 3 വർഷത്തെ ശരാശരി ലാഭവിഹിതത്തിന്റെ 2% സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുവാനുള്ള പദ്ധതികൾക്കായി വിനിയോഗിക്കുന്നതാണ്. | |
| കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ | കെ.എഫ്.സി വഴി നടപ്പാക്കുന്ന കേരള സംസ്ഥാന സംരംഭക വികസന മിഷൻ എന്ന പദ്ധതിയെ മിഷൻ 676 ൽ ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഇതുവഴി 4200 സംരംഭങ്ങൾക്ക് ബാങ്കുകളോ, ധനകാര്യ സ്ഥാപനങ്ങളോ വഴി വായ്പ ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. | 4200 സംരംഭങ്ങൾക്ക് വായ്പ അനുവദിക്കുന്നതിന് ഏകദേശം 525 കോടി രൂപയാണ് ആവശ്യമായി വരുന്നത്. |
| നാഷണൽ സേവിംഗ്സ്, ലോക്കൽ ഫണ്ട് ഓഡിറ്റ്, സ്റ്റേറ്റ് ഇൻഷുറൻസ്, മുദ്രപ്പത്രങ്ങളും മുദ്രപ്പത്ര തീരുവയും, ട്രഷറി തുടങ്ങിയ വകുപ്പുകളിൽ മിഷൻ 676 മായി ബന്ധപ്പെട്ട് ഇതുവരെ പദ്ധതികളൊന്നും പ്രഖ്യാപിച്ചിട്ടില്ല | | |

സെക്ഷൻ ഓഫീസർ